**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5951** **09-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ സമ്പാദ്യ ശീലം വളർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നാഷണൽ സേവിംഗ്സ് പദ്ധതി ഈ അധ്യയന വർഷം മുതൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | സ്കൂൾ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ പോസ്റ്റ് ഓഫീസ് മുഖേന നടപ്പിലാക്കിയിരുന്ന സഞ്ചയികാ സമ്പാദ്യ പദ്ധതി 01/10/2016 പ്രാബല്യത്തോടെ നിർത്തലാക്കിയതിനെ തുടർന്ന് 28/09/2016 ലെ സ.ഉ (സാധാ) നം. 7833/2016/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സഞ്ചയികാ പദ്ധതിയുടെ അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സംസ്ഥാന ട്രഷറിയുമായി സഹകരിച്ച് Students Savings Scheme എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ/ Aided സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള സ്കൂൾ വിദ്യാർഥികൾക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്.<br><br>പദ്ധതി ആരംഭിക്കുന്ന സ്കൂളുകളിൽ സ്ഥാപന മേധാവി, രണ്ടു വിദ്യാർഥികൾ എന്നിവർ അംഗങ്ങളായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും വിദ്യാർഥികൾ പദ്ധതി വഴി സ്വരൂപിക്കുന്ന തുക ട്രഷറിയിൽ നിക്ഷേപിക്കേണ്ടതുമാണ്. ഓരോ വിദ്യാർഥിക്കും അവരുടെ നിക്ഷേപത്തിന് നിലവിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിരക്കനുസരിച്ച് പലിശ ലഭിക്കുന്നതാണ്. കൂടാതെ നിക്ഷേപത്തിന്റെ 80% വരെ ഒരു വർഷത്തിൽ കുറയാത്ത സ്ഥിര നിക്ഷേപമാക്കി മാറ്റാവുന്നതും ഇതിൽ നിന്ന് ലഭിക്കുന്ന അധിക പലിശയിൽ വിദ്യാർഥികൾക്ക് നൽകുന്ന പലിശ കിഴിച്ചുള്ള തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കോ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കോ, വിനിയോഗിക്കാവുന്നതുമാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ പാസ്സ് ബുക്ക്, ഡെയിലി സ്ലോൾ, ലെഡ്ജർ എന്നിവ സ്കൂളുകൾ മുഖേന ദേശീയ |

| | | | |
|---|---|---|---|
| | | | സമ്പാദ്യ പദ്ധതി വകുപ്പ് വിതരണം ചെയ്യുന്നതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ പദ്ധതിയുടെ വിപുലീകരണം മന്ദഗതിയിലായിരുന്നുവെങ്കിലും നിലവിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു കൊണ്ട് പദ്ധതി ഊർജ്ജിതമായി നടപ്പാക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് 707 സ്കൂളുകളിലായി 56,557 വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ